# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 568 02/12/2014- ലെ മറുപടിക്ക്

**പെട്രോൾ, ഡീസൽ വില വർദ്ധനവും നികുതി ഒഴിവാക്കലും**

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പെട്രോൾ, ഡീസൽ വിലയിൽ ഉണ്ടായ വർദ്ധനയുടെ ഏതെല്ലാം ഘട്ടത്തിലായിരുന്നു സംസ്ഥാന നികുതി ഒഴിവാക്കിക്കൊടുത്തിരുന്നതെന്നു വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | ഒഴിവാക്കിയിരുന്ന പ്രസ്തുത നികുതി പുന:സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അവസാനമായി 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 22.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19.11.2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായുംഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ വിൽക്കുന്ന പെട്രോളിനും, ഡീസലിനും ഏതെല്ലാം നിരക്കുകളിൽ എത്ര ശതമാനം നികുതികൾ ഈടാക്കി വരുന്നുണ്ട്; സംസ്ഥാന നികുതി എത്രയാണ്; | (സി) | 19.11.2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനവും ഡീസലിന്റേത് 22.07 ശതമാനവുമാണ്. ഇതിനു പുറമെ നികുതിയുടെ 1% സെസ്സും ഈടാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പെട്രോൾ, ഡീസൽ, പാചക വാതകം, മണ്ണെണ്ണ തുടങ്ങിയവയുടെ നികുതി ഇനത്തിൽ 2011-12, 2012-13, 2013-14 ലും 2014 നാളിതുവരെയും സംസ്ഥാനത്തിന് ലഭിച്ച മൊത്ത നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ; 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണ്? | (ഡി) | 2013-14 വർഷം ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br><br>ഡീസൽ - 2466.84 കോടി<br>പെട്രോൾ - 1728.47 കോടി<br>മണ്ണെണ്ണ - 28.71 കോടി<br>പാചക വാതകം - 213.56 കോടി<br><br>2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം ചുവടെ ചേർക്കുന്നു<br><br>ഡീസൽ - 2760 കോടി<br>പെട്രോൾ - 1935 കോടി<br>മണ്ണെണ്ണ - 32 കോടി<br>പാചക വാതകം - 240 കോടി<br><br>മറ്റ് വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ